(ബി) കെ.എസ്.ഇ.ബി. പോലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്നതും നിശ്ചിത യോഗ്യതയുള്ളതുമായ ഉദ്യോഗസ്ഥർക്ക് പ്രൈവറ്റ് രജിസ്ട്രേഷൻ പ്രകാരം നടത്തുന്ന പരീക്ഷകൾ മുമ്പ് സംസ്ഥാനത്തെ 14 നോഡൽ ഐ.ടി.ഐ.-കളിൽ വച്ചാണ് നടത്തിവരുന്നത്. എന്നാൽ ടി. പരീക്ഷാ നടത്തിപ്പുമായി ബന്ധപ്പെട്ട് പരാതികൾ ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ ടെയിനിംഗ് ഡയറക്ടറേറ്റിന്റെ നിയന്ത്രണത്തിൽ ടി ടെയിനികളുടെ പരീക്ഷകൾ തിരുവനന്തപുരത്തുവച്ച് നടത്താൻ നയപരമായി തീരുമാനമെടുത്തിട്ടുണ്ട്.

(സി) അതാത് നോഡൽ ഐ.ടി.ഐ.-കളിൽ വച്ച് മുമ്പ് നടത്തിവന്നിരുന്ന ടി പരീക്ഷകളുടെ നടത്തിപ്പിനെ സംബന്ധിച്ച് പരാതികൾ ഉണ്ടായതിനാലാണ് തിരുവനന്തപുരത്ത് വച്ച് ടെയിനിംഗ് ഡയറക്ടറേറ്റിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ ടി പരീക്ഷകൾ നടത്തിവരുന്നത്. ടി പരീക്ഷകൾ തിരുവനന്തപുരത്തേയ്ക്ക് മാറ്റിയതിനാൽ പരീക്ഷകൾ സുഗമമായി നടത്തിവരുന്നുണ്ട്.

(ഡി) പ്രസ്തുത പരീക്ഷകൾ തിരുവനന്തപുരത്തു വച്ച് ടെയിനിംഗ് ഡയറക്ടറേറ്റിന്റെ നിയന്ത്രണത്തിൽ നടത്തുന്നതുമൂലം പരീക്ഷാ നടത്തിപ്പിനെ സംബന്ധിച്ച് പരാതികൾ ഒന്നുംതന്നെ ഉണ്ടായിട്ടില്ല. നിലവിലെ സാഹചര്യത്തിൽ ടി പരീക്ഷകൾ തിരുവനന്തപുരത്തുനിന്ന് മാറ്റുവാൻ കഴിയുകയില്ല.

ഇ.എസ്.ഐ. മെഡിക്കൽ കോളേജുകൾ

231 (923) ശ്രീ. പാലോട് രവി :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. എം. എ. വാഹീദ് :
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഇ.എസ്.ഐ. മെഡിക്കൽ കോളേജുകൾ ആരംഭിക്കുന്നതിനുള്ള തീരുമാനം എടുത്തിട്ടുണ്ടോയെന്ന് അറിയിക്കാമോ ;

(ബി) പ്രസ്തുത മെഡിക്കൽ കോളേജുകൾ ആരംഭിക്കുന്നതിന് കേന്ദ്രാനുമതി ലഭിക്കുന്നുണ്ടോയെന്ന് വിശദീകരിക്കാമോ ;

(സി) പ്രസ്തുത കോളേജുകൾ തുടങ്ങുന്നതിന് ആവശ്യമായ സ്ഥലവും മുലധനവും എങ്ങനെ കണ്ടെത്താനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ ?

(ഡി) പ്രസ്തുത കോളേജുകൾ തുടങ്ങുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വിശദീകരിക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഇല്ല.

(ബി-ഡി) ബാധകമല്ല.

പുതിയ തൊഴിൽ മേഖല കണ്ടെത്തുന്നതിനുള്ള പദ്ധതികൾ

232 (924) പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ പുതിയ തൊഴിൽ മേഖല കണ്ടെത്തുന്നതിന് ഏതെങ്കിലും പദ്ധതികൾക്ക് രൂപം നൽകിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ ?

ഉത്തരം

തൊഴിൽരഹിതർക്ക് കൂടുതൽ പുതിയ തൊഴിൽ അവസരങ്ങൾ ലഭ്യമാക്കുന്നതിനും പുതിയ തൊഴിൽ മേഖലകൾ കണ്ടെത്തുന്നതിനുമായി സ്വകാര്യ മേഖലയിലും തൊഴിൽ അവസരങ്ങൾ ലഭ്യമാക്കുന്നതിന് "നിയുക്തി 2015" എന്ന പേരിൽ സംസ്ഥാന വ്യാപകമായി അഞ്ച് തൊഴിൽ മേളകൾ സംഘടിപ്പിച്ചു. അതുവഴി കേരളത്തിനകത്തും പുറത്തുമുള്ള സ്വകാര്യ മേഖലകളിലെ വിവിധ ഇനങ്ങളിൽ നിന്നുള്ള 300 ലധികം സ്വകാര്യ തൊഴിൽദാതാക്കളെ പങ്കെടുപ്പിച്ചുകൊണ്ട് 43000 ത്തോളം ഉദ്യോഗാർത്ഥികൾക്ക് തൊഴിൽ മേളകളിൽ പങ്കെടുക്കുവാൻ അവസരം നൽകുകയും പ്രസ്തുത തൊഴിൽ മേളകൾ സംഘടിപ്പിച്ചതുവഴി ഈ വർഷം 17875 പേർക്ക് സ്വകാര്യമേഖലയിൽ തൊഴിൽ നേടിയെടുക്കുവാനും സാധിച്ചിട്ടുണ്ട്.

കേരള കൺസ്യൂമർ അക്കാഡമി

233 (925) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചാത്തന്നൂരിൽ ആരംഭിക്കുവാൻ നടപടി തുടങ്ങിയ കേരളാ കൺസ്യൂമർ അക്കാഡമിയുടെ നിർമ്മാണപ്രവർത്തനങ്ങൾ ഏതുഘട്ടത്തിലാണ് ;

(ബി) നിർമ്മാണത്തിന് പ്രാരംഭനടപടികൾ ആരംഭിച്ച് നാല് വർഷം പിന്നിട്ടിട്ടും ഈ സ്ഥാപനം ആരംഭിക്കാത്തത് എന്തുകൊണ്ടാണ് ;

(സി) തുടക്കത്തിൽ വിഭാവനം ചെയ്തതിന് വ്യത്യസ്തമായി ഏതെങ്കിലും സ്ഥാപനങ്ങൾ പ്രസ്തുത സ്ഥലത്ത് ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുവോ ;

(ഡി) സ്ഥാപനത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുവാൻ വൈകുന്നതിനുള്ള പൊതുജനരോഷം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എത്രയും പെട്ടെന്ന് പ്രസ്തുത സ്ഥാപനം ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly